"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - എഴുകോൺ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ ട്രേഡ്സ്മാൻ ശ്രീ. രോഹിതൻ പി. ആറിന് കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.682/2026/HEDN തീയതി,തിരുവനന്തപുരം, 12-06-2026**

---

പരാമർശം:- 1. **24.02.2026** - ൽ ശ്രീ. രോഹിതൻ പി. ആർ. സമർപ്പിച്ച അപേക്ഷ.

2. **25.03.2026** - ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ **DTETVM/2364/2026-EB3 (EB)** നമ്പർ കത്ത്.

**ഉത്തരവ്**

എഴുകോൺ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ ട്രേഡ്സ്മാൻ ശ്രീ. രോഹിതൻ പി. ആറിന്, തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾക്ക് തടസ്സം വരാത്ത രീതിയിലും പ്രതിഫലം കൈപ്പറ്റാതെയും രചന, പ്രസാധനം, സംവിധാനം, അഭിനയം എന്നീ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത തരത്തിലും, പ്രതിഫലം കൈപ്പറ്റാതെയും രചന, പ്രസാധനം, സംവിധാനം, അഭിനയം എന്നീ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ശ്രീ. രോഹിതൻ പി. ആറിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SANTHOSHKUMAR P B**

**അണ്ടർ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. രോഹിതൻ പി. ആർ., ട്രേഡ്സ്മാൻ, സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂൾ, എഴുകോൺ

സൂപ്രണ്ട്, സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂൾ, എഴുകോൺ

പ്രിൻസിപ്പൾ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

**www.highereducation.kerala.gov.in**

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ജെ2/61/2026/ഉ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by

Shinos S

Date: 12-06-2026 14:26:39

സെക്ഷൻ ഓഫീസർ